ദനഹാക്കാലം
(ഏഴാം ഞായർ)



# ദൈവികസ്നേഹത്തിന്റെ വെളിപ്പെടുത്തലുകൾ

ബ്ര. സുരേഷ് പട്ടേട്ട് MCBS

മത്തായി 8:5-13 (Vol. 9, Issue 43)

ലോകാരംഭം മുതൽ ഇന്നോളം മനുഷ്യകുലത്തിന് വെളിവാക്കപ്പെട്ട ദൈവികസ്നേഹം അതിന്റെ പൂർണ്ണതയിലും പരകോടിയിലും എത്തിനിൽക്കുന്നത് ദൈവം തന്നെ മനുഷ്യനായി അവതരിച്ച് (യോഹ. 1:14) മനുഷ്യരുടെ കൂടെ വസിച്ച് അവരിൽ ഒരുവനെപ്പോലെ ആയിത്തീർന്ന ഈശോയിലാണ്. ദൈവത്തിന്റെ ഈ സ്നേഹപ്രവൃത്തി തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി മാത്രമായിരുന്നില്ല. മറിച്ച്, സ്വജാതീയർക്കും (ഇസ്രായേൽ) ലോകം മുഴുവനിലുമുള്ള എല്ലാ മനുഷ്യമക്കൾക്കും വേണ്ടിയായിരുന്നു എന്നറിയുമ്പോൾ, ദൈവത്തിന്റെ ഈ സ്നേഹവും കരുണയും അതിലുപരി ആ സ്നേഹം നമ്മിലേക്കൊഴുക്കുവാൻ അവിടുന്ന് ഏറ്റെടുക്കേണ്ടിവന്ന സഹനവും എത്രയോ വലുതാണെന്നും ധ്യാനിക്കുമ്പോൾ, സ്നേഹമുള്ളവരെ, നമ്മുടെ മനസ്സും ഹൃദയവും ഒരിക്കലും ദൈവത്തിൽ നിന്നകലാതിരിക്കാൻ ആ ദൈവത്തിലുള്ള വിശ്വാസത്തിൽ ആഴപ്പെടുവാനും സ്നേഹത്തോടെ അവിടുന്നിൽ ശരണപ്പെട്ട് ജീവിതം മുന്നോട്ടു നയിക്കുവാനും നമുക്ക് സാധിക്കും.

ഇപ്രകാരം ദൈവികസ്നേഹത്തിന്റെ വെളിപ്പെടുത്തലുകളുടെ കാലഘട്ടമായ ഈ ദനഹാക്കാലത്തിൽ ഇന്നത്തെ തിരുവചനം (മത്തായി 8:5-13) നമുക്ക് പറഞ്ഞുതരുന്നത് ഒരു വിജാതിയനായ പട്ടാളത്തലവൻ തന്റെ ഭൃത്യനുവേണ്ടി നേടിയെടുക്കുന്ന രോഗസൗഖ്യത്തെക്കുറിച്ചാണ്. തിരുവചനം ശ്രദ്ധയോടെ ശ്രവിക്കുമ്പോൾ കുറെയധികം അസാധാരണമായ കാര്യങ്ങൾ ഈ പട്ടാളത്തലവനിൽ നാം കണ്ടെത്തും.

1. യഹൂദനായ യേശുവിന്റെ പക്കൽ വിജാതിയനും നൂറോളം പടയാളികളുടെ അധിപനുമായ മനുഷ്യൻ വിനയത്തോടെ യാചിക്കുന്നു.

2. തന്റെ കീഴിലുള്ള നിസ്സാരനായ ഭൃത്യൻ രോഗവിമുക്തനാകുന്നതിനു വേണ്ടിയുള്ള ആ മനുഷ്യന്റെ (ശതാധിപൻ) തീക്ഷ്ണമായ പരിശ്രമം.

3. ഇത്രത്തോളം ഉന്നതസ്ഥാനത്തിരിക്കെ തങ്ങൾ നിസ്സാരരെന്ന് കരുതിയിരുന്ന ഒരു യഹൂദ മനുഷ്യനെ കർത്താവായി കാണുവാനും തന്റെ അയോഗ്യത ഏറ്റുപറയുവാനുമുള്ള ഹൃദയവിശാലത.

4. ഈ ശതാധിപനായ മനുഷ്യനിൽ വിസ്മയഭരിതനായി അവന്റെ ആഗ്രഹം സാധിച്ചുകൊടുക്കുന്ന ഈശോ.

സാധാരണമല്ലാത്ത പ്രവർത്തനങ്ങളിലൂടെ അസാധാരണക്കാരനായി മാറിയ വ്യക്തിത്വത്തിന് ഉടമയാണ് ഈ ശതാധിപൻ. അതിലൂടെ നന്മയുടെ നറുമണം ചുറ്റുമുള്ളവർക്ക് പകർന്നു കൊടുത്തവൻ. അധികാരത്തിലിരിക്കുന്ന ഏത് വ്യക്തികളാണ് തങ്ങളുടെ കീഴിലുള്ളവരുടെ ഒപ്പമായിരിക്കാൻ - അവരുടെ ക്ഷേമമാണ് തങ്ങളുടേതിനെക്കാൾ പ്രധാനപ്പെട്ടതെന്ന് ചിന്തിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യുന്നത്? വളരെ ചുരുക്കം ചിലരെ ചരിത്രത്തിൽനിന്നും നമുക്ക് എണ്ണിയെടുക്കാം. അങ്ങനെയെങ്കിൽ അവരിലൊരുവനായി ശതാധിപനെ ഈ സുവിശേഷത്തിൽ നാം കാണുന്നു.

നമ്മുടെ ചുറ്റുമുള്ള മനുഷ്യജീവിതങ്ങളിലേയ്ക്ക് നോക്കിയാൽ ശതാധിപനെപ്പോലെ സ്വയം വിനീതനായി കൂടെയുള്ളവരുടെ നന്മയ്ക്കും ഉയർച്ചയ്ക്കും കാരണമാകുന്ന അസാധാരണപ്രവൃത്തികൾ ചെയ്യുവാൻ മുതിരുന്നവർ അപൂർവ്വമാണ്.

ആത്മദാനത്തിന്റെയും സ്വയംശൂന്യവൽക്കരണത്തിന്റെയും പാഠശാലയായ ബലിവേദിയിൽ നിന്നും സൗഖ്യദായകമായ കൂദാശ സ്വീകരിച്ച് ഈ ദേവാലയത്തിന്റെ പടിയിറങ്ങുമ്പോൾ ഇന്നത്തെ സുവിശേഷത്തിലെ മുഖ്യകഥാപാത്രമായ ശതാധിപന്റെ മനോഭാവം സ്വീകരിക്കുന്നത് ഉചിതമായിരിക്കും. പ്രഭാഷകൻ പറയുന്നു: ''നീ എത്രമാത്രം ഉന്നതനാണോ അത്രമാത്രം വിനീതനാവുക. ദൈവം മനുഷ്യനായി ത്തീർന്നത് മനുഷ്യകുലത്തിന് ഒന്നാകെ രക്ഷയ്ക്കു കാരണമായിത്തീർന്നു''. ഫിലി. 2:6-7 വാക്യങ്ങളിൽ നാം കാണുന്നു: ''ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണം വരെ - അതെ കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി''. ഈശോയുടെ ഇതേ മനോഭാവം ശതാധിപനിലും നമുക്ക് ദർശിക്കാൻ കഴിയും. സമ്പത്തും സ്ഥാനമാനങ്ങളുമുള്ള ശതാധിപൻ സാധാരണക്കാരനായ ഒരു യഹൂദഗുരുവിനെ കർത്താവും ദൈവവുമായി ഏറ്റുപറഞ്ഞ് അവന്റെ അനുഗ്രഹം ലഭിക്കാൻ എളിമപ്പെട്ടപ്പോഴാണ് ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലുണ്ടാവുന്നത് - രോഗിയായ ഭൃത്യൻ സൗഖ്യം പ്രാപിച്ചത്.

നൂറ് ആടുകളുണ്ടായിരിക്കെ ഒരാടിനെ നഷ്ടപ്പെട്ട ഇടയൻ മറ്റ് തൊണ്ണൂറ്റിയൊമ്പതിനെയും വിട്ട് നഷ്ടപ്പെട്ടു പോയതിനെ അന്വേഷിച്ചിറങ്ങി. ഈ നല്ലിടയനായ ദൈവത്തിന്റെ ചിത്രവും ഈ വിജാതിയസഹോദരനിൽ നമുക്ക് കാണുവാൻ സാധിക്കണം. സ്നേഹമുള്ളവരെ, അങ്ങനെയെങ്കിൽ ഇന്നിന്റെ സുവിശേഷം നമുക്കായി പകർന്നുനൽകുന്ന സന്ദേശമെന്നത് ദൈവത്തിലുള്ള ആഴമായ വിശ്വാസവും ഏത് പ്രതിസന്ധിയിലും എളിമയോടും ഹൃദയവിശുദ്ധിയോടും കൂടെ ദൈവത്തിൽ ശരണം തേടുവാനും, ഞാനുമായി ബന്ധപ്പെട്ടു നിൽക്കുന്നവരിൽ, അവരെത്ര ചെറിയവരായാലും അവരുടെ ആവശ്യങ്ങളിൽ അഭയമായി തീരുവാനും തക്കവിധം നമ്മെ രൂപാന്തരപ്പെടുത്തുന്ന ദൈവികസ്നേഹത്തിനുടമകളായി മാറുവാനുമാണ്. വിശ്വാസവും ശരണവും സ്നേഹവും എന്ന പുണ്യങ്ങളിലുള്ള വളർച്ച, എന്റെയും നിന്റെയും ഹൃദയങ്ങളിലാരംഭിച്ച് നമ്മുടെ കുടുംബ ബന്ധങ്ങളിൽ മുളയെടുത്ത് ജോലിസ്ഥലങ്ങളിലും വിദ്യാലയങ്ങളിലും അവസാനം ഈ ലോകം മുഴുവനിലും നന്മയുടെ സുഗന്ധം വിതറുവാൻ നമുക്ക് സാധിക്കണം.

നമ്മുടെ കുടുംബങ്ങളിൽ പരസ്പരം ഭാര്യാ-ഭർത്താക്കന്മാർ തമ്മിലും സഹോദരങ്ങൾ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും വിട്ടുവീഴ്ച്ചയ്ക്ക് തയ്യാറാവേണ്ടി വരുമ്പോഴും, ഒരാൾ മറ്റൊരാൾക്ക് മുന്നിൽ അൽപം താണുകൊടുക്കേണ്ടി വരുമ്പോഴും മറ്റുള്ളവരുടെ വളർച്ചയ്ക്ക് അത് കാരണമാകുന്നുവെങ്കിൽ നമുക്കതിനെ സന്തോഷപൂർവ്വം സ്വീകരിക്കാം. അവിടെ നാമും സൗഖ്യദായകനായ ദൈവകരങ്ങളിലെ ഉപകരണങ്ങളായി മാറും. മദ്യപാനിയായ ഭർത്താവിനുവേണ്ടി പ്രാർത്ഥിക്കുന്ന ഭാര്യയിൽ, ക്യാൻസർ രോഗബാധിതയായ ഭാര്യയ്ക്കുവേണ്ടി ധ്യാനം കൂടാൻ പോകുന്ന ഭർത്താവും, പപ്പായുടെ നടുവുവേദന മാറാൻ മുട്ടിന്മേൽ നിന്ന് ജപമാല ചൊല്ലുന്ന മക്കളും ഇത്തരത്തിൽ നമുക്ക് മാതൃകയാണ്. അവസാനമായി മറക്കാതിരിക്കാൻ ഒരു കാര്യം കൂടി. സ്നേഹം, സഹനം ഈ രണ്ട് വാക്കുകളിലും പദവിന്യാസങ്ങളുടെ വ്യതിചലനങ്ങൾ മാത്രമേയുള്ളൂ. കാരണം, സ്നേഹമുള്ളിടത്തേ സഹനമുള്ളൂ. സഹനം സ്നേഹത്തിന്റെ ശോഭ വർദ്ധിപ്പിക്കുകയും ചെയ്യുന്നു; ഇതുതന്നെയാണ് കുരിശിന്റെ വഴിയും. ദൈവം നമ്മെയെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.